LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. കേരള സർക്കാർ ജീവനക്കാരുടെ 1960-ലെ പെരുമാറ്റ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നിയന്ത്രണങ്ങളല്ലാതെ യാതൊരുവിധ നിയന്ത്രണവും പുതുതായി ഏർപ്പെടുത്തിയിട്ടില്ല. നിലവിലുള്ള ചട്ടപ്രകാരം ഒരുദ്യോഗസ്ഥന് പുസ്തകരചനനടത്തി പബ്ലിഷേഴ്സ് വഴി പുസ്തകത്തിന് വില നിശ്ചയിച്ച് പ്രസിദ്ധീകരിക്കാനോ, സ്വകാര്യ റേഡിയോ, ടെലിവിഷൻ ചാനലുകളിൽ വാർത്ത വായിച്ച് അല്ലെങ്കിൽ പരിപാടികൾ അവതരിപ്പിച്ച് പ്രതിഫലം കൈപ്പറ്റുവാനോ നിലവിൽ വ്യവസ്ഥയില്ല. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പുസ്തകം പ്രസിദ്ധീകരിക്കുന്നതിനും, സ്വകാര്യ റേഡിയോ/ടി.വി. ചാനലുകളിൽ പരിപാടി അവതരിപ്പിക്കുന്നതിനും സിനിമ/സീരിയൽ/ പ്രൊഫഷണൽ നാടകം എന്നിവയിൽ അഭിനയിക്കുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനം നടത്തുന്നതിനും അനുമതി നൽകുന്നതിന് വ്യവസ്ഥകൾ രൂപീകരിച്ചു കൊണ്ടുമാണ് 11-11-2015-ൽ G.O.(P) 28/15/ഉ.ഭ.പ.വ. എന്ന നമ്പരിലുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചത്. പക്ഷേ ഈ ഉത്തരവിനെതിരെ വിമർശനമുണ്ടായതിനെത്തുടർന്ന് ആയത് 24-11-2015-ലെ G.O.(P) 32/15/ ഉ.ഭ.പ.വ. എന്ന നമ്പർ ഉത്തരവ് പ്രകാരം മരവിപ്പിച്ചിരിക്കുകയാണ്.

(ബി&സി) 11-11-2015-ലെ ഉത്തരവ് കേരള സർക്കാർ ജീവനക്കാരുടെ സർഗ്ഗാത്മകത പരിപോഷിപ്പിക്കുവാൻ കൂടുതൽ അവസരം നൽകണം എന്ന ഉദ്ദേശ്യത്തോടെ പുറപ്പെടുവിച്ചതാണ്. ഈ ഉത്തരവ് നിലവിലെ പെരുമാറ്റച്ചട്ടങ്ങളിലില്ലാത്ത യാതൊരു നിയന്ത്രണവും ഉദ്യോഗസ്ഥരുടെമേൽ അടിച്ചേൽപ്പിക്കുന്നില്ല.

(ഡി) 11-11-2015-ലെ ഉത്തരവ് മരവിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അപേക്ഷകൾ മേലുദ്യോഗസ്ഥർ പരിശോധിക്കേണ്ട സാഹചര്യം ഉദിക്കുന്നില്ല. എന്നാൽ 1960-ലെ പെരുമാറ്റ ചട്ടങ്ങൾ പ്രകാരം അതിൽ പറഞ്ഞിട്ടുള്ള കലാ-സാഹിത്യ പ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ അനുമതി ആവശ്യമാണ്.

ജനസമ്പർക്ക പരിപാടി

21 (1843) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. രാജു :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികളിലെല്ലാം കൂടിആകെ എത്ര അപേക്ഷകൾ ലഭിച്ചു ; എത്ര അപേക്ഷകൾ തീർപ്പാക്കാത്തതുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) തീർപ്പാകാത്ത അപേക്ഷകളിന്മേൽ ഉള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; പ്രസ്തുത അപേക്ഷകളിൽ തീർപ്പു കല്പിക്കുന്നതിന് എത്രകാലം വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ ;

(സി) ജനസമ്പർക്ക പരിപാടികളുടെ നടത്തിപ്പിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആകെ 12,50,554 അപേക്ഷകൾ ലഭിച്ചു. 1,21,465 അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

(ബി) കോടതി കേസ്സുകൾ, നിയമപരമായി തടസ്സം നിൽക്കുന്നവ, വിവിധ വകുപ്പുകൾവഴി തീരുമാനിക്കാനുള്ളവ, നയപരമായും സാങ്കേതികവുമായി നടപടി ക്രമങ്ങൾ പൂർത്തിയാകാത്തവ, റീ-സർവ്വേയുമായി ബന്ധപ്പെട്ട വിഷയങ്ങൾ, അന്വേഷണംനടത്തി റിപ്പോർട്ട് ലഭ്യമാകാത്തവ, മാനദണ്ഡത്തിനനുസരിച്ചുള്ള സർട്ടിഫിക്കറ്റുകൾ ഇല്ലാത്തവ എന്നിവയിലാണ് കാലതാമസം നേരിട്ടിട്ടുള്ളത്. ഇവ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നാളിതുവരെ 20,22,85,696 രൂപ ചെലവഴിച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ഔദ്യോഗിക ചെലവുകൾ

22 (†1844) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മുതൽ 2015 നവംബർ വരെ പൊതുമരാമത്ത് വകുപ്പ് മന്ത്രി ശമ്പളവും മറ്റ് അലവൻസുകളും ഇനത്തിൽ എത്ര രൂപ കൈപ്പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് 2011 മുതൽ 2015 വരെ പൊതുമരാമത്ത് വകുപ്പ് മന്ത്രി ഔദ്യോഗികമായും സ്വകാര്യമായും നടത്തിയ വിദേശയാത്രകളുടെ വിശദവിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ ;

(സി) പ്രസ്തുത വിദേശയാത്രകൾക്ക് സർക്കാർ ആകെ ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കുമോ ?

---

† മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly